## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1492** — **02.07.2015-ൽ മറുപടിക്ക്**

## നഗരപരിപാലനത്തിലെ ക്രിയാത്മകതയിൽ പെടുത്തുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | 1. ശ്രീ. കെ.വി. വിജയദാസ് | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | കേരളത്തിലെ നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ നഗരകാര്യ വകുപ്പ് പൂർണ്ണമായും പരാജയപ്പെട്ടുവെന്നുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ വിശദീകരണം നൽകുമോ; | (എ) & (ബി) | ഇല്ല. ഇക്കാര്യത്തിൽ ക്രിയാത്മകമായ പദ്ധതി നടപ്പിലാക്കാൻ നഗരകാര്യ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ സവിശേഷ സാഹചര്യം കണക്കിലെടുത്ത് മാലിന്യങ്ങൾ വികേന്ദ്രീകൃതമായി ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി നഗരസഭകളിൽ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി പൈപ്പ് കമ്പോസ്റ്റ്, ബയോ ഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുവാനുള്ള പദ്ധതികൾക്ക് പ്രോത്സാഹനവും സബ്സിഡിയും നൽകി വരുന്നുണ്ട്. |
| (ബി) | ക്രിയാത്മകമായ ഒരു പദ്ധതിയെങ്കിലും നഗരകാര്യവകുപ്പിന് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |

സെക്ഷൻ ഓഫീസർ